**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1493** **12-02-2025 - ൽ മറുപടിയ്ക്ക്**

**ദേവികുളം താലൂക്കിലെ പട്ടയ വിതരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എ. രാജ</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വർഷവും വില്ലേജും തിരിച്ച് വ്യക്തമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ 339 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വർഷവും വില്ലേജും തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th rowspan="2">ക്രമ നം</th><th rowspan="2">വില്ലേജ്</th><th colspan="4">നൽകിയ പട്ടയങ്ങളുടെ എണ്ണം</th></tr>
<tr><th>2021</th><th>2022</th><th>2023</th><th>2024</th></tr>
<tr><td>1</td><td>മറയൂർ</td><td>0</td><td>0</td><td>2</td><td>26</td></tr>
<tr><td>2</td><td>കുഞ്ചിത്തണ്ണി</td><td>78</td><td>0</td><td>44</td><td>0</td></tr>
<tr><td>3</td><td>ആനവിരട്ടി</td><td>23</td><td>0</td><td>28</td><td>0</td></tr>
<tr><td>4</td><td>മന്നാംകണ്ടം</td><td>19</td><td>19</td><td>0</td><td>0</td></tr>
<tr><td>5</td><td>കാന്തല്ലൂർ</td><td>0</td><td>0</td><td>8</td><td>0</td></tr>
<tr><td>6</td><td>വെള്ളത്തൂവൽ</td><td>19</td><td>0</td><td>65</td><td>0</td></tr>
<tr><td>7</td><td>പള്ളിവാസൽ</td><td>8</td><td>0</td><td>0</td><td>0</td></tr>
<tr><td colspan="2">നൽകിയ ആകെ പട്ടയങ്ങൾ</td><td colspan="4">339</td></tr>
</table></td></tr>
<tr><td>(ബി)</td><td>ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ പാസ്സാക്കുന്ന പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;</td><td>(ബി)</td><td>1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരമാണ് പട്ടയങ്ങൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ദേവികുളം താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മറ്റി ശുപാർശ ചെയ്ത ലിസ്റ്റ് ഇടുക്കി കളക്ടറേറ്റിൽ നിന്ന് അംഗീകാരം നൽകുന്ന കേസുകളിൽ ആണ് പതിവ് ഉത്തരവും പട്ടയവും നൽകുന്നത്. കളക്ടറേറ്റിൽ നിന്നും അംഗീകാരം നൽകിയ കേസുകളിൽ എല്ലാം ദേവികുളം തഹസിൽദാർ പതിവ് ഉത്തരവ് നല്കുകയും, പതിവ് ഉത്തരവിൻ പ്രകാരം തുക അടവ് വരുത്തിയ കേസുകളിൽ പട്ടയം നല്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>എന്നാൽ ബഹു.ഹൈക്കോടതിയുടെ WP(C)1801/10 കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ പട്ടയ വിതരണം നിർത്തി വച്ചിരിക്കുകയാണ്.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | ദേവികുളം താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി പാസ്സാക്കിയ എത്ര പട്ടയങ്ങൾ നിലവിൽ വിതരണം ചെയ്യുവാനുണ്ടെന്നും അവ വിതരണം നടത്താതിരുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ? | (സി) | 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരമാണ് പട്ടയങ്ങൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ദേവികുളം താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മറ്റി ശുപാർശ ചെയ്ത ലിസ്റ്റ് ഇടുക്കി കളക്ടറേറ്റിൽ നിന്ന് അംഗീകാരം നൽകുന്ന കേസുകളിൽ ആണ് പതിവ് ഉത്തരവും പട്ടയവും നൽകുന്നത്. കളക്ടറേറ്റിൽ നിന്നും അംഗീകാരം നൽകിയ കേസുകളിൽ എല്ലാം ദേവികുളം തഹസിൽദാർ പതിവ് ഉത്തരവ് നല്കുകയും, പതിവ് ഉത്തരവിൻ പ്രകാരം തുക അടവ് വരുത്തിയ കേസുകളിൽ പട്ടയം നല്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>എന്നാൽ ബഹു.ഹൈക്കോടതിയുടെ WP(C)1801/10 കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ പട്ടയ വിതരണം നിർത്തി വച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ